കുമ്മനം രാജശേഖരൻ 20 ന് തിരുവനന്തപുരത്ത്

തിരുവനന്തപുരം: മിസോറം ഗവർണർ കുമ്മനം രാജശേഖരൻ 15 മുതൽ 21 വരെ സംസ്ഥാനത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. 15 ന് കോഴിക്കോട് പദ്മവിഭൂഷൺ നേടിയ പി.പരമേശ്വരന് നൽകുന്ന സ്വീകരണത്തിലും അയ്യങ്കാളി സമാധി സമ്മേളനത്തിലും പങ്കെടുക്കും.16ന് പത്തനംതിട്ടയിൽ മാർ ക്രിസോസ്റ്റത്തെ സന്ദർശിക്കും. അട്ടത്തോട് ട്രൈബൽ കോളനി സന്ദർശിക്കുന്ന അദ്ദേഹം ശബരിമല ക്ഷേത്രത്തിൽ ദർശനം നടത്തും. 17ന് കോട്ടയത്തും 19ന് കൊച്ചിയിലും വിവിധ ചടങ്ങുകളിൽപങ്കെടുക്കും.20ന് തിരുവനന്തപുരത്തെ പൗരസ്വീകരണത്തിലും 21 ന് തോന്നയ്ക്കലിലെ യോഗാ ദിന പരിപാടിയിലും പങ്കെടുക്കും.

'ജനാധിപത്യത്തിന്റെ ഉത്സവം' രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും

ന്യൂഡൽഹി : കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജനാധിപത്യത്തിന്റെ ഉത്സവം എന്ന പേരിൽ ആഘോഷ പരിപാടി സംഘടിപ്പിക്കുന്നു. ജൂലായ് രണ്ടാം വാരം സംഘടിപ്പിക്കുന്ന പരിപാടി രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഉദ്ഘാടനം ചെയ്യും. നവംബറിൽ വജ്രജൂബിലി ആഘോഷം സമാപിക്കും. ഒരു വർഷത്തെ പരിപാടികളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെ നേതൃത്വത്തിൽ സ്കൂൾ ഒഫ് ഗവേണൻസ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതു പരിഗണനയിലുണ്ടെന്നും സ്പീക്കർ പറഞ്ഞു. പരിപാടിയിലേക്കു ക്ഷണിക്കാൻ എ.കെ. ആന്റണിയേയും സ്പീക്കർ കണ്ടു.

നിപ: കേന്ദ്രത്തിനും സംസ്ഥാനത്തിനും ഹൈക്കോടതിയുടെ അഭിനന്ദനം

കൊച്ചി : നിപ വൈറസ് ബാധയെ ഫലപ്രദമായി പ്രതിരോധിച്ച കേന്ദ്ര - സംസ്ഥാന സർക്കാരുകളെ ഹൈക്കോടതി അഭിനന്ദിച്ചു. നിപ റിപ്പോർട്ട് ചെയ്തപ്പോൾ തന്നെ ആരോഗ്യ പ്രവർത്തകർ, നഴ്സുമാർ,മെഡിക്കൽസ്റ്റാഫുകൾ തുടങ്ങിയവർ സമയം കളയാതെ പ്രവർത്തനം തുടങ്ങി. രോഗം പടരുന്നത് പൂർണമായും തടയാൻ ഇവർക്ക് കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും ആക്ടിംഗ് ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് പറഞ്ഞു. നിപ ബാധയെ പ്രതിരോധിക്കാൻ ആരോഗ്യപ്രവർത്തകർ നടത്തുന്ന പ്രവർത്തനങ്ങൾക്കെതിരെ സോഷ്യൽ മീഡിയയിലൂടെ വീഡിയോ പ്രചരിപ്പിച്ച മോഹനൻ വൈദ്യർ, ജേക്കബ് വടക്കഞ്ചേരി എന്നിവർക്കെതിരെ നടപടി വേണമെന്നാവശ്യപ്പെട്ട് നിയമ വിദ്യാർത്ഥി പി.കെ. അർജ്ജുൻ ഉൾപ്പെടെയുള്ളവർ നൽകിയ ഹർജിയാണ് ഹൈക്കോടതി പരിഗണിച്ചത്.

ദേശീയ ജലപാത: കളക്ടർമാർ മണ്ണ് ലേലം ചെയ്യും

തിരുവനന്തപുരം: കോവളം - കാസർകോട് ദേശീയ ജലപാതയുടെ ഡ്രഡ്ജിംഗ് വേളയിൽ മണ്ണും ചെളിയും ലേലം ചെയ്യാനുള്ള ചുമതല ജില്ലാ കളക്ടർമാർക്ക് നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. മണ്ണ് നിക്ഷേപിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം വാടകയ്ക്കെടുക്കും. ജലപാതയുടെ നിർമ്മാണ ജോലികൾക്ക് ആഗോള ടെൻഡർ വിളിക്കും. ഈ സാഹചര്യത്തിലാണ് ആവശ്യമായ സ്ഥലം കളക്ടർമാർ കണ്ടെത്താൻ നിർദ്ദേശിച്ചത്.

മാസപ്പിറവി അറിയിക്കണം

കൊല്ലം: ഇന്ന് ശവ്വാൽ മാസപ്പിറവി ദൃശ്യമായാൽ 9847075786, 0474 2740397,2760794 എന്നീ ഫോൺ നമ്പരുകളിൽ അറിയിക്കണമെന്ന് കേരള മുസ്ലിം ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കടയ്ക്കൽ അബ്ദുൽ അസീസ് മൗലവിയും ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് വി.എം. മൂസ മൗലവിയും അറിയിച്ചു.

ജ്യോതിലാലിന് ഏവിയേഷൻ ചുമതല കൂടി

തിരുവനന്തപുരം: ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ. ജ്യോതിലാലിന് ഗതാഗത (ഏവിയേഷൻ) വകുപ്പിന്റെ അധിക ചുമതല നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് അഡിഷണൽ സെക്രട്ടറി ആർ. ഗിരിജയെ നഗരകാര്യ വകുപ്പ് ഡയറക്ടറായി മാറ്റി നിയമിക്കും. അമൃത് മിഷൻ ഡയറക്ടറുടെ അധിക ചുമതല തുടർന്നും വഹിക്കും. ടൂറിസം അഡിഷണൽ ഡയറക്ടർ (ജനറൽ) ജാഫർ മാലിക്കിനെ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറായി മാറ്റി നിയമിക്കും. പ്ലാനിംഗ് (സി.പി.എം.യു) ഡയറക്ടറുടെ അധിക ചുമതല തുടർന്നും വഹിക്കും.

മെഡി. സ്റ്റോറുകളിൽ ജനറിക് മരുന്നിന് പ്രത്യേക ഷെൽഫ്

തിരുവനന്തപുരം: എല്ലാ മെഡിക്കൽ ഷോപ്പിലും ജനറിക് മരുന്നുകൾ സൂക്ഷിക്കാൻ പ്രത്യേക ഷെൽഫുകൾ സ്ഥാപിക്കണമെന്ന് ഡ്രഗ്സ് കൺട്രോളർ ജനറൽ എല്ലാ സംസ്ഥാനങ്ങളിലെയും ഡ്രഗ്സ് കൺട്രോളർമാർക്ക് കർശന നിർദ്ദേശം നൽകി. മരുന്ന് വാങ്ങാൻ വരുന്നവർ കാണത്തക്കവിധം ജനറിക് മരുന്നുകൾ വയ്ക്കണം. മരുന്നുകളുടെ രാസനാമത്തിൽ അറിയപ്പെടുന്നതിനെയാണ് ജനറിക് മരുന്നുകൾ എന്ന് പറയുന്നത്. ജനറിക് മരുന്നുകളുടെ പട്ടികയിൽ വരുന്നവയ്ക്ക് 20 മുതൽ 200 ശതമാനം വരെ വില കുറവാണ്.



കുണ്ടറ കേരള സിറാമിക്സ് ലാഭത്തിലേക്ക്

▸കെ.പി.കൈലാസ്‌നാഥ്

തിരുവനന്തപുരം: പേപ്പർ വ്യവസായത്തിൽ തിളക്കം കിട്ടാൻ കോട്ടിംഗിന് ഉപയോഗിക്കുന്ന സ്പ്രേ ഡ്രൈഡ് കയോളിൻ ഉത്പാദിപ്പിക്കുന്ന കുണ്ടറയിലെ കേരള സിറാമിക്സ് കമ്പനി നഷ്ടത്തിൽ നിന്ന് ലാഭത്തിലേക്ക് നീങ്ങുന്നു.

4.19 കോടി രൂപയാണ് കഴിഞ്ഞ വർഷത്തെ വിറ്റുവരവ്. വർഷങ്ങളായി നഷ്ടത്തിലായിരുന്ന കമ്പനി സർക്കാരിന്റെ സഹായത്തോടെ ഈ വർഷം ആദ്യപാദത്തിൽ ലാഭം നേടി.

അസംസ്കൃത വസ്തുവായ ക്ലേ ഖനനത്തിന് ഭൂമി ഏറ്റെടുക്കാത്തതും സാങ്കേതിക വിദ്യ നവീകരിക്കാത്തതുമാണ് നഷ്ടത്തിന് കാരണമെന്നാണ് കമ്പനി എം.ഡി സതീഷ് കുമാർ പറയുന്നത്. സർക്കാർ അഞ്ച് വർഷത്തെ പുനരുദ്ധാരണ പദ്ധതിയിലൂടെയാണ് കമ്പനിയെ കരകയറ്റുന്നത്.

KAUMUDI SPECIAL
കുണ്ടറയിലെ കേരള സിറാമിക്സ് കമ്പനി

- 2017-18ൽ വിറ്റുവരവ്.......... **4.19 കോടി** (40% കൂടി)
- ഉത്പാദനം.......... **60%** കൂടി.
- ലാഭം കണ്ടു തുടങ്ങിയത്.......... **2018** ജനുവരി മുതൽ.
- പ്രതിമാസ ഉത്പാദനം.......... **900** ടൺ.
- എൽ.എൻ.ജി വരുന്നതു വരെ എൽ.പി.ജി പ്ലാന്റ് സ്ഥാപിച്ചു.
- ഉത്പാദന ചെലവ് ടണ്ണിന് **2700** രൂപയായി കുറഞ്ഞു.

പദ്ധതി ഇങ്ങനെ

- 30 വർഷത്തേക്ക് ക്ലേ കിട്ടാനായി ഭൂമി വാങ്ങുക.
- പ്ലാന്റ് പുതിയ സാങ്കേതിക വിദ്യയിൽ നവീകരിക്കുക.
- ഉത്പാദന ചെലവ് കുറയ്ക്കാൻ ഡീസലിന് പകരം എൽ.എൻ.ജി ഇന്ധനമാക്കുന്ന പ്ലാന്റ് സ്ഥാപിക്കുക.ഇതോടെ ഉല്പാദന ചെലവ് ടണ്ണിന് 5700 രൂപയിൽ നിന്ന് 1400 രൂപയായി കുറയ്ക്കാം.
- ഉത്പാദന നഷ്ടം കുറയ്ക്കാൻ പുതിയ സാങ്കേതിക വിദ്യകൾ സ്ഥാപിക്കുക.

> “കേരള സിറാമിക്സിന്റെ പുനരുദ്ധാരണത്തിന് സർക്കാർ 17 കോടി നൽകി. ഇതുൾപ്പെടെ 23 കോടിയുടെ പദ്ധതിയാണുള്ളത്. ഉത്പന്ന വൈവിദ്ധ്യവത്കരണത്തിന് 10 കോടിയുടെ പദ്ധതിയും അംഗീകരിച്ചു.
>
> *മന്ത്രി മൊയ്തീൻ*

ഉമ്മൻചാണ്ടി എല്ലാ ബാറും പൂട്ടിയത് അസൂയ നിമിത്തം : സുധീരൻ

▸സ്വന്തം ലേഖകൻ

തിരുവനന്തപുരം: മദ്യനയത്തിന്റെ പേരിൽ തനിക്ക് ലഭിച്ച ജനപിന്തുണയിൽ അസൂയ പൂണ്ടാണ് അന്ന് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടി എല്ലാ ബാറുകളും അടച്ചു പൂട്ടിയതെന്ന് വി.എം. സുധീരൻ ആരോപിച്ചു.

രാജ്യസഭാ സീറ്റ് വിഷയത്തിൽ കോൺഗ്രസിൽ കലാപം ശക്തമായിരിക്കെയാണ്, ഉമ്മൻചാണ്ടിക്കെതിരെ കടുത്ത ആരോപണവുമായി സുധീരൻ ഇന്നലെ വീണ്ടും രംഗത്തെത്തിയത്.മദ്യനയത്തിന്റെ പേരിലാണ് യു.ഡി.എഫിന് ഭരണം നഷ്ടപ്പെട്ടതെന്നാണ് വിമർശനം. ബാറുകളെല്ലാം പൂട്ടാൻ ഞാൻ ആവശ്യപ്പെട്ടില്ല. സി.എ.ജിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 418 ബാറുകൾ പൂട്ടാനാണ് കെ.പി.സി.സി പ്രസിഡന്റെന്ന നിലയിൽ പറഞ്ഞത്. എന്റെ മദ്യനയം തിരഞ്ഞെടുപ്പിൽ നന്നായി പ്രചരിപ്പിച്ചിരുന്നെങ്കിൽ ഫലം മറിച്ചായേനെ. ഞാൻ കെ.പി.സി.സി പ്രസിഡന്റായത് ഉമ്മൻചാണ്ടിക്ക് ഇഷ്ടമായില്ല.

ക്രൂരമായ നിസംഗതയാണ് അദ്ദേഹത്തിൽ നിന്നുണ്ടായത്. പ്രസിഡന്റായി ചുമതലയേറ്റ ചടങ്ങിൽ ഉമ്മൻചാണ്ടി പങ്കെടുത്തില്ല. അദ്ദേഹത്തിന്റെ വീട്ടിൽ പോയി കണ്ടപ്പോൾ നീരസമായിരുന്നു മുഖഭാവം. ഞാൻ നടത്തിയ ജനപക്ഷയാത്ര പരാജയപ്പെടുത്താൻ ഉമ്മൻചാണ്ടി ശ്രമിച്ചു. ജാഥകളുടെ ഉദ്ഘാടനം നടത്തിയ ഉമ്മൻചാണ്ടി എന്റെ പേര് പരാമർശിക്കാൻ പോലും പിശുക്കുകാട്ടി.

ഞാൻ ചികിത്സയിലായിരുന്നപ്പോൾ എം.എം. ഹസൻ കെ.പി.സി.സി ആസ്ഥാനത്ത് വാർത്താസമ്മേളനം നടത്തിയാണ് എന്റെ രാജി ആവശ്യപ്പെട്ടത്. എ.ഐ.സി.സി നേതൃത്വത്തെപ്പോലും അവഗണിച്ച് മുന്നോട്ടു പോയ മുഖ്യമന്ത്രിയാണ് ഉമ്മൻചാണ്ടി. പല കാര്യങ്ങളും പാർട്ടി വേദിയിൽ ഞാൻ തുറന്നു പറഞ്ഞിട്ടുണ്ട്. അതു പിന്നീട് മാദ്ധ്യമങ്ങൾക്കു ചോർത്തി നൽകിയതു ഞാനല്ല, ഉമ്മൻചാണ്ടിയുടെ കൂടെയുള്ളവർ തന്നെയാണ്. രാജ്യസഭാ സീറ്റ് കേരള കോൺഗ്രസിനു നൽകിയതു ഹിമാലയൻ ബ്ലണ്ടറാണ്. കോൺഗ്രസിനെ സമ്മർദ്ദത്തിലാക്കി അധാർമികമായാണ് മാണി സീറ്റു പിടിച്ചു വാങ്ങിയത്. ഇങ്ങനെ പോയാൽ കോൺഗ്രസിന്റെ ഭാവി അപകടത്തിലാവും. പ്രതിപക്ഷത്തിന് ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാൻ കഴിയുന്നില്ല. വരുന്ന തിരഞ്ഞെടുപ്പിൽ ബി.ജെ.പിയെ അധികാരത്തിൽ നിന്ന് പുറത്താക്കാൻ കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽഗാന്ധി നടത്തുന്ന ശ്രമങ്ങളെ പരാജയപ്പെടുത്തുന്ന പ്രവർത്തനമാണ് കേരളത്തിലെ കോൺഗ്രസ് നേതൃത്വത്തിൽ നിന്ന് ഉണ്ടാവുന്നത്.

വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ഉമ്മൻചാണ്ടി അനുമതി കൊടുത്തത് സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കാതെയാണ്. അദാനിയുടെ താത്പര്യം മാത്രമാണ് സംരക്ഷിച്ചതെന്നും സുധീരൻ പറഞ്ഞു.

അടിക്കാൻ വിശ്വസ്തർ കളത്തിൽ

സുധീരനെതിരെ ഹൈക്കമാൻഡിൽ പരാതി നൽകും

കോട്ടയം: ഉമ്മൻചാണ്ടിയെയും കെ. എം. മാണിയെയും തെരഞ്ഞു പിടിച്ച് ആക്രമിക്കുന്ന വി.എം. സുധീരനെ അടിക്കാൻ എ ഗ്രൂപ്പും മാണിഗ്രൂപ്പും വിശ്വസ്തരെ കളത്തിലിറക്കി.ഉമ്മൻചാണ്ടിയോ കെ.എം. മാണിയോ നേരിട്ട പ്രതികരിക്കാതെ നിയമസഭാ കക്ഷി ഉപനേതാവും വിശ്വസ്തനുമായ കെ.സി. ജോസഫിനെയാണ് രംഗത്തിറക്കിയത്. മാണി ഗ്രൂപ്പ് ജോയ് എബ്രഹാമിനെയും.

സുധീരന്റെ വാർത്താ സമ്മേളനം ചാനലിൽ വന്നതിനു പിറകെ കെ.സി. ജോസഫ് മാദ്ധ്യമപ്രവർത്തകരെ കളത്തിപ്പടിയിലുള്ള വീട്ടിലേക്ക് ക്ഷണിക്കുകയായിരുന്നു. പരസ്യ പ്രതികരണം പാടില്ലെന്ന പാർട്ടി നിലപാട് കാരണം പരിമിതിയുണ്ടെന്നു പറഞ്ഞു തുടങ്ങിയ കെ.സി. ജോസഫ് സുധീരനെതിരെ ആഞ്ഞടിച്ചു.

എന്നെ നുള്ളി എന്നെ പിച്ചി എന്ന നിലയിൽ നഴ്സറി കുട്ടികളുടെ നിലവാരത്തിലേക്ക് സുധീരൻ താഴ്ന്നെന്നു പരിഹസിച്ചു. കോൺഗ്രസ് ഹൈക്കമാൻഡിൽ സുധീരനെതിരെ നടപടി വേണമെന്നാവശ്യപ്പെട്ട പരാതി നൽകും. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ തോറ്റത് സുധീരൻ കാരണമാണ്. ജി. കാർത്തികേയനെ കെ.പി.സി.സി പ്രസിഡന്റാക്കിയിരുന്നെങ്കിൽ ജയിച്ചേനെ എന്നും അവകാശപ്പെട്ടു.

പാലായിലെ വീട്ടിൽ മാദ്ധ്യമ പ്രവർത്തകർ കെ. എം. മാണിയെ ചെന്നു കണ്ടെങ്കിലും പ്രതികരിച്ചില്ല.

മാണിഗ്രൂപ്പിന് രാജ്യസഭാ സീറ്റ് നൽകിയത് ഹിമാലയൻ മണ്ടത്തരമാണെന്നു പറഞ്ഞ വി.എം. സുധീരൻ തുടർച്ചയായി പാർട്ടിക്കും മുന്നണിക്കും പ്രതിസന്ധി സൃഷ്ടിച്ച് അച്ചടക്കലംഘനം നടത്തുകയാണെന്ന് ജോയ് എബ്രഹാം കുറ്റപ്പെടുത്തി.

സുധീരൻ സഹായിക്കുന്നത് രാഷ്ട്രീയ ശത്രുക്കളായ ബി.ജെ.പിയെയും സി.പി.എമ്മിനെയുമാണ്. ഇടതു മുന്നണി സ്ഥാനാർത്ഥിയായി 1980ൽ മണലൂരിൽ മത്സരിച്ച സുധീരൻ കൈപ്പത്തി ചിഹ്നത്തിൽ മത്സരിച്ച എൻ.ഐ. ദേവസിക്കുട്ടിയെ തോല്പിച്ചാണ് നിയമസഭയിൽ എത്തിയത്. സുധീരൻ ബോധപൂർവം മറന്നാലും കേരളം മറക്കില്ലെന്നും ജോയ് എബ്രഹാം പരിഹസിച്ചു.

പാർട്ടി പരസ്യ പ്രസ്താവന വിലക്കിയ സാഹചര്യത്തിൽ വിവാദപരമായ പ്രസ്താവന നടത്തുന്നില്ല
ഉമ്മൻചാണ്ടി
എ.ഐ.സി.സി ജനറൽ സെക്രട്ടറി

കെവിന്റെ കുടുംബത്തിന് പത്ത് ലക്ഷം നൽകും

- നീനുവിന്റെ പഠനത്തിന് സർക്കാർ ധനസഹായം
- മരട് അപകടം: കുട്ടികളുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം

തിരുവനന്തപുരം: ദുരഭിമാനത്തിന്റെ പേരിൽ കൊല ചെയ്യപ്പെട്ട കോട്ടയം നട്ടശ്ശേരി എസ്.എച്ച്. മൗണ്ട് പ്ലാത്തറ വീട്ടിൽ കെവിൻ പി. ജോസഫിന്റെ കുടുംബത്തിന് വീട് വയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് ആറ് ലക്ഷംരൂപയും,വീട്‌വയ്ക്കുന്നതിന് നാല് ലക്ഷം രൂപയും ഉൾപ്പെടെ പത്ത് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

കെവിന്റെ ഭാര്യ നീനു ചാക്കോയ്ക്ക് തുടർ പഠനത്തിനാവശ്യമായ ധനസഹായവും നൽകും. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. കെവിന്റെ കുടുംബത്തെ സർക്കാർ സംരക്ഷിക്കുമെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനും അടുത്തിടെ വ്യക്തമാക്കിയിരുന്നു.

വാൻ അപകടം: മരിച്ച കുട്ടികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം വീതം

എറണാകുളം മരട് കാട്ടിത്തല സ്കൂൾവാൻ അപകടത്തിൽ മരിച്ച വിദ്യാലക്ഷ്മി (ആയത്ത്പറമ്പിൽ വീട്ടിൽ സനലിന്റെ മകൾ), ആദിത്യൻ എസ്. നായർ (മരട് ശ്രീജിത്തിന്റെ മകൻ) എന്നീ കുട്ടികളുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകും. ഇതേ അപകടത്തിൽ മരിച്ച ആയ കൊച്ചാടിത്തറ ലത ഉണ്ണിയുടെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ നൽകും.

കുടുംബത്തിന് സഹായം നൽകാനുള്ള തീരുമാനത്തിൽ കെവിന്റെ പിതാവ് സർക്കാരിന് നന്ദി രേഖപ്പെടുത്തി.

കണ്ണൂർ ജില്ലയിൽ പയ്യന്നൂരും മലപ്പുറം ജില്ലയിൽ താനൂരും പുതിയ പൊലീസ് കൺട്രോൾ റൂം ആരംഭിക്കും. ഇതിനായി 40 വീതം തസ്തികകൾ സൃഷ്ടിക്കും.

ഓഖി: വീട് നഷ്ടപ്പെട്ടവർക്ക് 12 മാസത്തെ വാടക

ഓഖി ചുഴലിക്കാറ്റിൽ വീട് പൂർണമായും നഷ്ടപ്പെട്ട 74 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് പുനർനിർമ്മിക്കുന്നത് വരെ വീട്ടുവാടകയായി മാസം 3000 രൂപ വീതം പന്ത്രണ്ട് മാസത്തേക്ക് നൽകും. 26.64 ലക്ഷം രൂപ ഇതിനായി അനുവദിക്കും.

പാലക്കാട്ടെ ഐ.ഐ.ടി.ക്ക് പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ 8.8 ഹെക്ടർ റവന്യൂ ഭൂമി കൈമാറും. അഞ്ച് ജവഹർ ബാലഭവനുകളിലെ സർക്കാർ അംഗീകൃത ജീവനക്കാർക്ക് ശമ്പളപരിഷ്കരണം അനുവദിക്കും.

വിചാരണ തുടങ്ങാനിരിക്കെ ഹർജി, നടിയെ ആക്രമിച്ച കേസിൽ സി.ബി.ഐ അന്വേഷണം വേണമെന്ന് ദിലീപ്

കൊച്ചി: യുവനടിയെ ആക്രമിച്ച് അശ്ലീല ദൃശ്യങ്ങൾ പകർത്തിയ കേസിൽ വിചാരണ തുടങ്ങാനിരിക്കെ പ്രതി നടൻ ദിലീപ് സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഹർജി നൽകി. ഹർജി ഇന്ന് പരിഗണിച്ചേക്കും. അറസ്റ്റിലായ ആദ്യ പ്രതികൾ കെട്ടിച്ചമച്ച നുണയുടെ അടിസ്ഥാനത്തിലാണ് ഡി.ജി.പി ഉൾപ്പെടെയുള്ള ഉന്നത പൊലീസ് ഉദ്യോഗസ്ഥർ അന്വേഷണം നടത്തിയതെന്നും അത് ദുരുദ്ദേശ്യപരമാണെന്നും ഹർജിയിൽ പറയുന്നു. സംഭവത്തെക്കുറിച്ച് അറിവോ പങ്കാളിത്തമോ ഇല്ലാത്ത തന്നെ പ്രതിയാക്കിയത് അസാധാരണ നടപടിയാണ്. സത്യം പുറത്തുകൊണ്ടുവരാൻ സംസ്ഥാന പൊലീസിന്റെ നിയന്ത്രണത്തിലല്ലാത്ത മറ്റൊരു ഏജൻസിയെ അന്വേഷണം ഏല്പിക്കണം. ഇല്ലെങ്കിൽ സത്യം എന്നന്നേക്കുമായി കുഴിച്ചുമൂടപ്പെടും. ന്യായമായ അന്വേഷണവും വിചാരണയും ഭരണഘടന നൽകുന്ന അവകാശമാണെന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ടെന്നും ഹർജിയിൽ പറയുന്നു. തൃശൂരിൽ നിന്ന് കൊച്ചിയിലേക്ക് വരികയായിരുന്ന യുവനടിയെ ആക്രമിച്ച സംഭവത്തിൽ 2017 ജൂലായ് പത്തിനാണ് ദിലീപിനെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. ഇതിനു മുമ്പ് പൾസർ സുനിയടക്കം ഏഴ് പ്രതികൾക്കെതിരെ 2017 മാർച്ച് 18 ന് അന്വേഷണ സംഘം അന്തിമ റിപ്പോർട്ട് നൽകിയിരുന്നു. സംഭവത്തിന്റെ ഗൂഢാലോചനയിൽ പങ്കുണ്ടെന്ന് ആരോപിച്ചാണ് ദിലീപിനെ പിന്നീട് അറസ്റ്റ് ചെയ്തത്. ആക്രമണത്തിന് കാരണമായി ആദ്യ കുറ്റപത്രത്തിൽ പറയുന്ന വസ്തുതകൾക്ക് കടകവിരുദ്ധമായ കണ്ടെത്തലാണ് അന്വേഷണസംഘം തന്നെ എട്ടാം പ്രതിയാക്കി നൽകിയ അനുബന്ധ കുറ്റപത്രത്തിലുള്ളതെന്നും ദിലീപ് പറയുന്നു. അതിനാൽ അന്തിമ റിപ്പോർട്ടും അനുബന്ധ കുറ്റപത്രവുമെല്ലാം സി.ബി.ഐക്ക് കൈമാറാൻ ഡി.ജി.പിയോടു ആവശ്യപ്പെടണമെന്നും കേസ് വീണ്ടും രജിസ്റ്റർ ചെയ്ത് അന്വേഷിക്കാൻ സി.ബി.ഐക്ക് നിർദ്ദേശം നൽകണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടു.

പരിസ്ഥിതി ലോലമേഖല, 31 വില്ലേജുകളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെടും

തിരുവനന്തപുരം: കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള അന്തിമ വിജ്ഞാപനത്തിൽ നിന്ന് 31 വില്ലേജുകളെ ഒഴിവാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഇത് അംഗീകരിക്കപ്പെട്ടാൽ 92 വില്ലേജുകളാണ് ഇ.എസ്.എ പരിധിയിൽ അവശേഷിക്കുക. കസ്തൂരിരംഗൻ റിപ്പോർട്ടിലെ വനഭൂമിയുടെ കണക്കും സംസ്ഥാനസർക്കാരിന്റെ കണക്കും തമ്മിൽ 1337 ചതുരശ്ര കിലോമീറ്ററിന്റെ വ്യത്യാസം കണ്ടെത്തിയ സ്ഥിതിക്ക് ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റിമോട്ട് സെൻസിംഗ് ഏജൻസിയെ ചുമതലപ്പെടുത്തും. കസ്തൂരിരംഗൻ റിപ്പോർട്ടനുസരിച്ച് കേരളത്തിൽ 9993 ചതുരശ്രകിലോമീറ്റർ വനമുണ്ട്. എന്നാൽ റിപ്പോർട്ടിൽ കാതലായ മാറ്റങ്ങൾ ആവശ്യപ്പെട്ട് സംസ്ഥാനം തയ്യാറാക്കിയ റിപ്പോർട്ടിൽ 8656 ചതുരശ്ര കിലോമീറ്റർ വനമേയുള്ളൂ. പശ്ചിമഘട്ടമേഖലയിൽ പെടുന്ന സംസ്ഥാനങ്ങളിൽ പലതും നിലപാട് വ്യക്തമാക്കാത്തത് കാരണം കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പരിസ്ഥിതിലോല മേഖല സംബന്ധിച്ച കരട് വിജ്ഞാപനം കഴിഞ്ഞ മാർച്ചിൽ പുതുക്കിയിരുന്നു. 2013ൽ ഇറങ്ങിയ വിജ്ഞാപനത്തിന് കേരളം മാത്രമാണ് ഭേദഗതി നിർദ്ദേശം സമർപ്പിച്ചിരുന്നത്.

ശബരിമല സ്പെഷ്യൽ ബസിൽ സ്ത്രീകളെ വിലക്കാനാവില്ല

കെ.എസ്.ആർ.ടി.സി ഹൈക്കോടതിയിൽ



കൊച്ചി: ശബരിമല സ്പെഷ്യൽ ബസുകളിൽ സ്ത്രീകളെ വിലക്കുന്നത് ഭരണഘടനയിലെ അവകാശങ്ങളുടെ ലംഘനമാവുമെന്നും ഈ വിവേചനം പൊതു ഗതാഗത സംവിധാനത്തിൽ സാദ്ധ്യമല്ലെന്നും കെ.എസ്.ആർ.ടി.സി ഹൈക്കോടതിയിൽ അറിയിച്ചു.

ശബരിമല സർവീസുകളിൽ സ്ത്രീകളെ കയറ്റരുതെന്നും ഇവയിൽ ഉയർന്ന നിരക്ക് ഈടാക്കരുതെന്നും ആവശ്യപ്പെട്ട് സെന്റർ ഫോർ കൺസ്യൂമർ എഡ്യൂക്കേഷൻ നൽകിയ ഹർജിയിലാണ് കെ.എസ്.ആർ.ടി.സി ഇക്കാര്യം വ്യക്തമാക്കിയത്.

അയ്യപ്പ ഭക്തർക്കു വേണ്ടിയുള്ള സർവീസുകളിൽ പ്രായപരിധി ഇല്ലാതെ സ്ത്രീകളെ കയറ്റുന്നത് ആചാരലംഘനമാണെന്ന് ഹർജിക്കാർ വാദിച്ചിരുന്നു.

എന്നാൽ തമിഴ്നാട്, കർണാടക, ആന്ധ്ര സംസ്ഥാനങ്ങളിൽ നിന്ന് സർക്കാർ ബസുകളിൽ വിവേചനമില്ലാതെ ഭക്തർ ശബരിമലയിൽ എത്തുന്നുണ്ടെന്ന് കെ.എസ്.ആർ.ടി.സി ഡെപ്യൂട്ടി ലാ ഓഫീസർ പി.എൻ. ഹേന സമർപ്പിച്ച മറുപടി സത്യവാങ്മൂലത്തിൽ പറയുന്നു. നിയമപ്രകാരമുള്ള പൊതു ഗതാഗത സർവീസാണ് കെ.എസ്.ആർ.ടി.സി. പല സ്ഥലങ്ങളിൽ നിന്ന് പമ്പയിലേക്കും നിലയ്ക്കലിലേക്കും സർവീസ് നടത്തുന്നുണ്ട്. ഈ ബസുകളിൽ സ്ത്രീകളെ വിലക്കുന്നത് ഭരണഘടന ഉറപ്പു നൽകുന്ന തുല്യ നീതിയുടെ ലംഘനമാവും. ജാതി, വർഗം, ലിംഗം തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള വിവേചനം പാടില്ലെന്നും ഭരണഘടനയിലുണ്ട്. അതിനാൽ സ്ത്രീകളുടെ യാത്ര തടയാനാവില്ല.

സൂപ്പർ ക്ലാസ് ബസുകളിൽ ഉൾപ്പെടെ യാത്രക്കാരെ നിറുത്തിക്കൊണ്ടുപോവരുതെന്ന ഹർജിക്കാരന്റെ ആവശ്യം അനുവദിക്കാനാവില്ല. സീറ്റിന്റെ 25 ശതമാനം യാത്രക്കാരെ നിറുത്താമെന്ന് മോട്ടോർ വാഹന ചട്ടത്തിൽ പറയുന്നുണ്ട്. ശബരിമല സർവീസുകളിൽ കൂടിയ നിരക്ക് ഈടാക്കുന്നത് സർക്കാരിന്റെ വിജ്ഞാപനം അനുസരിച്ചാണെന്നും സത്യവാങ്മൂലത്തിൽ പറയുന്നു.

സി.പി.ഐ എതിർത്തു

തണ്ണീർത്തട നിയമം: നഗരങ്ങളെ ഒഴിവാക്കാനുള്ള നീക്കം പാളി

തിരുവനന്തപുരം: നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുള്ള 2018ലെ നെൽവയൽ - തണ്ണീർത്തട ഭേദഗതി ബില്ലിൽ നിന്ന് വൻ നഗരങ്ങളെ ഒഴിവാക്കാനുള്ള സി.പി.എം നീക്കം സി.പി.ഐയുടെ എതിർപ്പിനെ തുടർന്ന് ഉപേക്ഷിച്ചു.

2008ലെ നിയമം ഭേദഗതി ചെയ്താണ് 2018 ലെ ബിൽ നിയമസഭയിൽ അവതരിപ്പിച്ചത്. ഈ ബില്ലിന്റെ പരിധിയിൽ നിന്ന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ വൻനഗരങ്ങളെ ഒഴിവാക്കാനായിരുന്നു നീക്കം. ഇതിനായി ഇന്നലെ റവന്യൂ, ടൂറിസം, നിയമം, തദ്ദേശഭരണം എന്നീ മന്ത്രിമാരുടെ യോഗം മുഖ്യമന്ത്രി വിളിച്ചിരുന്നു. ആവശ്യമില്ലാത്ത ടൂറിസം മന്ത്രിയെ വിളിച്ചപ്പോൾ ആവശ്യമുള്ള കൃഷി മന്ത്രിയെ വിളിച്ചില്ല.യോഗത്തിനു മുമ്പ് എ.കെ.ജി സെന്ററിൽ നടന്ന ചർച്ചയിലാണ് നിർദ്ദേശത്തെ സി.പി.ഐ എതിർത്തത്. കോടിയേരി ബാലകൃഷ്ണൻ, കാനം രാജേന്ദ്രൻ, റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ എന്നിവരാണ് പങ്കെടുത്തത്. അവിടെ റവന്യൂ മന്ത്രി അഭ്യർത്ഥിച്ചതിനെ തുടർന്ന് കൃഷി മന്ത്രി സുനിൽ കുമാറിനെ മുഖ്യമന്ത്രിയുടെ യോഗത്തിലേക്ക് വിളിച്ചു. പുതിയ നിർദ്ദേശം നെൽവയൽ നിയമത്തിന്റെ അന്തഃസത്ത നഷ്ടപ്പെടുത്തുമെന്ന് മന്ത്രി ഇ. ചന്ദ്രശേഖരൻ പറഞ്ഞു. ഇത് ബോദ്ധ്യപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം വേണ്ടെന്ന് വയ്ക്കുകയായിരുന്നു. ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ, സി.കെ. ഹരീന്ദ്രൻ, പുരുഷൻ കടലുണ്ടി, കെ. രാജൻ, ഇ.പി. ജയരാജൻ, കെ.ഡി. പ്രസേനൻ തുടങ്ങിയവരാണ് ഭരണപക്ഷത്തുനിന്ന് സബ്ജക്ട് കമ്മിറ്റിയിലുള്ളത്.നേരത്തേ യു.ഡി.എഫ് സർക്കാരും നെൽവയൽ നിയമം ഭേദഗതി ചെയ്തിരുന്നു. 25 ശതമാനം തുക അടച്ച് നികത്തിയ ഭൂമി ക്രമീകരിക്കാനായിരുന്നു ഇത്. പുതിയ സർക്കാർ ഇത് റദ്ദാക്കി. കോടതി ഇടപെട്ടതോടെയാണ് ഭേദഗതി ഓർഡിനൻസാക്കിയത്.2008 ന് മുമ്പ് നികത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ സ്ഥലത്ത് 50 ശതമാനം തുക ഈടാക്കി നിർമ്മാണങ്ങൾ അനുവദിക്കാനും പുതിയ ബില്ലിൽ വ്യവസ്ഥയുണ്ട്.